ഉത്തരം

(എ) അച്ചൻ കോവിലാറിൽ തുമ്പമൺ അമ്പലക്കടവിന് താഴ്ഭാഗത്ത് തീരസംരക്ഷണത്തിനുവേണ്ടി ഒരു കോടി നാല്പത്തിയൊന്ന് ലക്ഷം രൂപ യുടെ ഒരു പ്രോജക്ട്, വെള്ളപ്പൊക്കം ഉണ്ടാകുന്ന നദികളുടെ സംരക്ഷണ ത്തിനായുള്ള കേന്ദ്ര പദ്ധതിയിൽപ്പെടുത്തി അനുമതി നൽകുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രവൃത്തിയ്ക്ക് വേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അനുമ തിക്കായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സഹായം ലഭിയ്ക്കുന്ന മുറയ്ക്ക് പണി നടത്തുന്നതി നുള്ള നടപടി സ്വീകരിക്കുന്നതാണ്.

പൈപ്പിന്റെ സ്റ്റോക്ക്

33 (3432)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ ഇനത്തി ലുള്ള എത്ര പൈപ്പുകൾ സ്റ്റോക്കുണ്ടായിരുന്നു;

(ബി) ഇതിന് എന്തുതുക വില വരും;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഇനത്തി ലുള്ള എത്ര പൈപ്പുകൾ വീതം വാങ്ങിയിട്ടുണ്ട്;

(ഡി) പൈപ്പുകൾ വാങ്ങുന്നതിന് കമ്മീഷൻ ക്ഷണിച്ചിരുന്നുവോ;

(ഇ) ആരിൽ നിന്നെല്ലാമാണ് പൈപ്പുകൾ വാങ്ങിയിരുന്നത്;

(എഫ്) ഈ കാലയളവിൽ പൈപ്പുകൾ വാങ്ങുന്നതിന് എന്തു തുക ചെലവു വന്നു;

(ജി) ഈ കാലയളവിൽ പുതുതായി എത്ര കിലോമീറ്റർ ദൂരത്തിൽ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു.

പി.വി.സി.	1813322.14 മീറ്റർ
സി.ഐ.	124347.28 മീറ്റർ
എ.സി.	284363.90 മീറ്റർ
ജി.ഐ.	372060.09 മീറ്റർ
ആർ.സി.സി.	400 .00 മീറ്റർ
എസ്.ഡബ്ല്യൂ	5527.80 മീറ്റർ
ഡി.ഐ.	1994.50 മീറ്റർ
എച്ച്.ഡി.പി.ഇ.	12464.50 മീറ്റർ

LIBRARY ARCHIVES Kerala Legislative Assembly

പ്രീമോപൈപ്പ് 137.00 മീറ്റർ

(ബി) 46.50 കോടി രൂപയോളം വിലവരും.

(സി) 'അനുബന്ധം' എ† ആയി ചേർത്തിരിക്കുന്നു.

(ഡി) ടെൻഡറുകൾ ക്ഷണിച്ചിരുന്നു.

(ഇ) അനുബന്ധം'ബി'† ആയിചേർത്തിരിക്കുന്നു.

(എഫ്) 100.67 കോടി രൂപ.

(ജി) 4892 കിലോമീറ്റർ.

വാമനപുരം ജലസേചനപദ്ധതി

34 (3433) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം ജലസേചനപദ്ധതിയുടെ നടത്തിപ്പുമായി ബന്ധ പ്പെട്ട് ഈ സർക്കാർ എത്ര തവണ ഉന്നതതലയോഗം വിളിച്ചു കൂട്ടിയിട്ടുണ്ട്;

(ബി) വംശനാശഭീഷണി നേരിടുന്ന വരയാട്, അപൂർവ്വ സസ്യങ്ങൾ എന്നിവയുടെ ആവാസവ്യവസ്ഥയുടെ നാശത്തിന് ഈ പദ്ധതി ഇടയാക്കുമോ യെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) വെള്ളത്തിനടിയിലാകുന്ന വിതുര പൊൻമുടി റോഡ് നിർമ്മി ക്കുവാൻ എത്ര വനഭൂമി കൂടി വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതി സംബന്ധിച്ചുള്ള എൻവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് നടത്താൻ ഉന്നതതലത്തിൽ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഏത് ഏജൻസിയെകൊണ്ടാണ് ഈ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളത്;

(എഫ്) ഈ പദ്ധതിക്കെതിരെ കല്ലാർ സംരക്ഷണ സമിതി സമരം തുടങ്ങിയിട്ട് എത്ര നാളായി;

(ജി) ഈ പദ്ധതിയുടെ പ്രോജക്ട് എന്നാണ് അംഗീകരിച്ചത്;

(എച്ച്) ഇതിനുശേഷം ഇതുവരെ എന്ത് തുക ചെലവഴിച്ചു;

(ഐ) കല്ലാർ സംരക്ഷണസമിതി നടത്തിവരുന്ന സമരം അവസാനി പ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ എന്ത് നടപടി കൈക്കൊള്ളാനുദ്ദേശി ക്കുന്നു?

ഉത്തരം

(എ) ആറ് തവണ.

(ബി) ഈ പദ്ധതി പ്രദേശത്ത് വനഭൂമി നാമമാത്രമായിട്ടേ നഷ്ടപ്പെടു ന്നുള്ളൂ. ആയതിനാൽ വരയാട് തുടങ്ങിയ മൃഗങ്ങളുടേയും അപൂർവ്വസസ്യങ്ങ ളുടേയും വംശനാശത്തിന് ഇടയാകുകയില്ല.

(സി) ആകെ ലഭ്യമാകേണ്ട 300 ഹെക്ടർ വനഭൂമിയിൽ റോഡിന്റെ ആവശ്യത്തിനുള്ള 27 ഹെക്ടർ സ്ഥലവും ഉൾപ്പെടും.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly